പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 819** **10.06.2019-ൽ മറുപടിക്ക്**

## പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.കൃഷ്ണൻ** | **ശ്രീ.എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ഈ സർക്കാരിന്റെ ആദ്യവർഷം അനുവദിച്ച പട്ടികവർഗ്ഗ സെറ്റിൽമെന്റ് കോളനി പദ്ധതിയിൽ തിരഞ്ഞെടുത്ത പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പട്ടുവയൽ, എയ്യൻകല്ല് കോളനികളിൽ ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള പണി ആരംഭിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | എ) | പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പട്ടുവയൽ, എയ്യൻകല്ല് കോളനികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തി വീണ്ടും സമർപ്പിക്കുവാൻ ഏജൻസിക്ക് നിർദ്ദേശം നൽകുകയും രണ്ടാംഘട്ട പരിശോധനയ്ക്കായി ഡി.പി.ആർ. വീണ്ടും സമർപ്പിച്ചിരുന്നു. എന്നാൽ ഡി.പി.ആർ വീണ്ടു പരിശോധിച്ചപ്പോൾ വീണ്ടും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന് കണ്ടെത്തി മാറ്റങ്ങൾ വരുത്തേണ്ട റിപ്പോർട്ട് സഹിതം ഡി.പി.ആർ ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. ഈ കാരണങ്ങൾ കൊണ്ടാണ് പദ്ധതി ആരംഭിക്കുവാൻ കാലതാമസം നേരിട്ടത്. |
| ബി) | പ്രസ്തുത പദ്ധതി വിഭാവനം ചെയ്തപോലെ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | ബി) | ആവശ്യമായ മാറ്റങ്ങൾ വരുത്തി അടിയന്തിരമായി ഡി.പി.ആർ സമർപ്പിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുത്തലുകൾ വരുത്തിയ ഡി.പി.ആർ ലഭ്യമായാലുടൻ തന്നെ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭ്യമാക്കി കരാർ കാലാവധിക്കുള്ളിൽതന്നെ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

Hari

സെക്ഷൻ ഓഫീസർ